

# എൻ.ആർ.ഒയിലൂടെ എസ്.വി.ഇ.പി പ്രവർത്തനങ്ങൾ- വിജയഗാഥകൾ കാണാം

ഇന്നലത്തെ Making An Impact ലേഖനത്തിൽ കുടുംബശ്രീ എൻ.ആർ.ഒ (നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ) മുഖേന വിവിധ സംസ്ഥാനങ്ങളിൽ സ്റ്റാർട്ടപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാമിന്റെ (എസ്.വി.ഇ.പി) ഭാഗമായി സൂക്ഷ്മ സംരംഭങ്ങൾ രൂപീകരിക്കുന്ന പ്രവർത്തനരീതി സംബന്ധിച്ച വിശദമായ വീഡിയോ നൽകിയിരുന്നുവല്ലോ. ഇത് കൂടാതെ പദ്ധതി നടത്തിപ്പിലെ വിജയമാതൃകകളെക്കുറിച്ചുള്ള നിരവധി വീഡിയോകളും കുടുംബശ്രീ എൻ.ആർ.ഒ ടീം തയാറാക്കിയിട്ടുണ്ട്. ഇത്തരത്തിൽ തയാറാക്കിയ വിജയഗാഥകളെക്കുറിച്ചുള്ള രണ്ട് വീഡിയോകൾ ഇന്നത്തെ ലേഖനത്തിലൂടെ നിങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കട്ടെ.

ഈ വിജയമാതൃകകളെക്കുറിച്ചും, സാധാരണക്കാരിൽ സാധാരണക്കാരായവർ സംരംഭ മേഖലയിൽ എസ്.വി.ഇ.പിയിലൂടെ വെന്നിക്കൊടി പാറിച്ചതിനെക്കുറിച്ചുമെല്ലാമുള്ള വിവരങ്ങൾ ഈ വീഡിയോകളിലൂടെ അറിയാനാകുമെന്നതിനാൽ കൂടുതൽ വിശദാംശങ്ങൾ എഴുതുന്നില്ല. ഏവരും ഈ വീഡിയോകൾ കാണുമെന്നും എസ്.വി.ഇ.പി പദ്ധതി വിവിധ സംസ്ഥാനങ്ങളിൽ വിജയകരമായി നടപ്പിലാക്കാൻ കുടുംബശ്രീയ്ക്ക് കഴിഞ്ഞതെങ്ങനെയെന്ന് മനസ്സിലാക്കുമെന്നും കരുതട്ടെ.
വീഡിയോകളുടെ ലഘുവിവരണം താഴെ നൽകുന്നു.
1. പർസ്യൂട്ട് ഓഫ് ടേസ്റ്റ്: ആജീവിക ദീദി കഫേ. ഝാർഖണ്ഡിലെ പകുരിയ ബ്ലോക്കിലാണ് ഈ കഫേ

സ്ഥിതി ചെയ്യുന്നത്. അഞ്ച് വനിതകൾ ചേർന്നാണ് ഈ എസ്.വി.ഇ.പി സംരംഭം നടത്തുന്നത്. ഇവരുടെ കഥയറിയാം- www.youtube.com/watch?v=QLpK63HaY9A

2. പയനിയേഴ്സ് ഓഫ് ചെയ്ഞ്ച്: കീർത്തി ഫുഡ് പ്രൊഡക്ട്സ്. എറണാകുളം ജില്ലയിലെ വടവുകോട് ബ്ലോക്കിലെ രജിത മണി നടത്തുന്ന സംരംഭമാണിത്.

രജിതയുടെ വിജയഗാഥ കാണാം- www.youtube.com/watch?v=LgIhQW3EKaQ